# ST. JOHN'S L.P.S THAIKKAD

# SCHOOL DEVELOPMENT PLAN

# 2025-2026

# ആമുഖം - (1)

2025-2026 അധ്യയനവർഷത്തിലെത്തി നിൽക്കുന്ന ഈ വിദ്യാലയം ഇന്ന് സന്തോഷത്തിന്റെ നിറവിലാണ്. അറിവിന്റെ വെളിച്ചം പകർന്ന ഈ സരസ്വതിക്ഷേത്രം പതിറ്റാണ്ട് ഉന്മേഷത്തോടുകൂടി ഇന്നും വിദ്യ പകരുന്നു. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ വിദ്യാലയം എന്നും ഉയരങ്ങൾ മാത്രമാണ് കീഴടക്കിയിട്ടുള്ളത്. ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ ഏറെ ചാരിതാർത്ഥ്യമുണ്ടെങ്കിലും ഈ വിദ്യാലയം ഭൗതികസാഹചര്യങ്ങളിലും മറ്റും നേരിയ തോതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് കൂടുതലും ഈ വിദ്യാലയത്തിൽ പഠിച്ചുവരുന്നത്. പൊതുവിദ്യാഭ്യാസത്തിന്റെ എല്ലാ പാരമ്പര്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് സെന്റ് ജോൺസ് എൽ.പി.എസ് ഇന്നും മുന്നിൽ തന്നെ നിൽക്കുന്നു.

തൈക്കാട് ഗ്രാമത്തിന്റെ ഉൾഭാഗത്തായതുകൊണ്ടുതന്നെ വിദ്യാലയത്തിനു ചുറ്റും വയലുകളും പച്ചപ്പും തങ്ങിനിൽക്കുന്നു. ഇത് വിദ്യാർഥികളെ പ്രകൃതിയുമായി ഇണക്കുന്നു. ഇവിടെയുള്ള ഓരോ അധ്യാപകരും കുട്ടികൾക്കെന്നും വഴികാട്ടികളാണ്.

## ആമുഖം - (1)

2025-2026 അദ്ധ്യയനവർഷത്തിലെത്തി നിൽക്കുന്ന ഈ വിദ്യാലയം ഇന്ന് സന്തോഷത്തിന്റെ നിറവിലാണ്. അറിവിന്റെ വെളിച്ചം പകർന്ന ഈ സരസ്വതിക്ഷേത്രം പതിറ്റാണ്ടുകൾ ഉൻമേഷത്തോടുകൂടി ഇന്നും വിദ്യ പകരുന്നു. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ വിദ്യാലയം എന്നും ഉയരങ്ങൾ മാത്രമാണ് കീഴടക്കിയിട്ടുള്ളത്. ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ ഏറെ ചരിതാർത്ഥ്യമുണ്ടെങ്കിലും ഈ വിദ്യാലയം ഭൗതികസാഹചര്യങ്ങളിലും മറ്റും നേരിയ തോതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് കൂടുതലും ഈ വിദ്യാലയത്തിൽ പഠിച്ചുവരുന്നത്. പൊതുവിദ്യാഭ്യാസത്തിന്റെ എല്ലാ പാരമ്പര്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് സെന്റ് ജോൺസ് എൽ.പി.എസ് ഇന്നും മുന്നിൽ തന്നെ നിൽക്കുന്നു.

തൈക്കാട് ഗ്രാമത്തിന്റെ ഉൾഭാഗത്തായതുകൊണ്ടുതന്നെ വിദ്യാലയത്തിനു ചുറ്റും വയലുകളും പച്ചപ്പും തങ്ങിനിൽക്കുന്നു. ഇത് വിദ്യാർത്ഥികളെ പ്രകൃതിയുമായി ഇണക്കുന്നു. ഇവിടെയുള്ള ഓരോ അധ്യാപകരും കുട്ടികൾക്കെന്നും വഴികാട്ടികളാണ്.

അധ്യാപകർ പഠനകാര്യങ്ങൾ മാത്രമല്ല, കുട്ടിക
ളുടെ സാമൂഹ്യപരമായ പ്രശ്നങ്ങളും മറ്റും
അന്വേഷിച്ചറിയാനും ആവശ്യമായ പരിഹാരങ്ങൾ
നിർദ്ദേശിക്കാനും അധ്യാപകർ ശ്രമിക്കുന്നുണ്ട്.

കുട്ടികളുടെ ആകെ എണ്ണം -134

അധ്യാപകരുടെ എണ്ണം:- 6

തലം - ലോവർ പ്രൈമറി

ഡിവിഷനുകളുടെ എണ്ണം - 6

മാനേജർ :

പ്രധാനധ്യാപിക :. ശ്രീമതി. ജൂലി.
റോസ്. പി.ജെ

കുട്ടികളുടെ ആകെ എണ്ണം-134

അധ്യാപകരുടെ എണ്ണം:- 6

തലം - ലോവർ പ്രൈമറി

ഡിവിഷനുകളുടെ എണ്ണം - 6

മാനേജർ :

പ്രധാനധ്യാപിക:.ശ്രീമതി.ജൂലി.
റോസ്.പി.ജെ

# അധ്യാപകരുടെ വിവരം

1. ജെസ്സി.റോസ്.പി.കെ.എ
പ്രധാനധ്യാപിക. II B
2. സീന. ജോസ്.കെ
രണ്ട്.എ
3 ഷെമീറ. ടി.എ
അറബിക്
4 അനില.ജോസഫ്.പി
മൂന്ന്.എ.
5 ഹെൽന. ഡൈമൺ.സി
ഒന്ന് . എ
6. ജെഫി.റോസ്.പി.കെ.എ
നാല്.എ.

# STAFF LIST AS ON

| SL No | Name and Designation | Qualification | Name of place. |
| --- | --- | --- | --- |
| 1. | Jelly Rose. P.I H.M | SSLC, Degree, T.T.C. | Kaveed |
| 2. | Seena Jose. K. LPST | SSLC, T.T.C. | velur |
| 3. | Shemeera. T.A. Arabic | SSLC, plus Two Arabic. T.T.C | Thaikkad |
| 4. | Anila Joseph. P. L.P.ST. | SSLC, Degree, T.T.C | Mundur |
| 5 | Helna Simon. C. LPST | S.S.LC. Degree DELED | Pavaratty |
| 6. | Jeffy Rose. P.I LP.S.I | S.S.L.C Degree DELED | Guruvayur |

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

റവന്യൂ ജില്ലയുടെ പേര് : Thrissur

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | St. Johns L. P. S Thaikkad |
| 2 | വിലാസം | Thaikkad |
| 3 | ഫോൺ നമ്പർ | 9562501293 |
| 4 | ഇ-മെയിൽ വിലാസം | thaikkadstjohn@gmail.com |
| 5 | സ്കൂൾ കോഡ് | 24246 |
| 6 | ആൺകുട്ടികൾ/ പെൺകുട്ടികൾ/ രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 1 അവസാനം: 4 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര * | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Chavakkad |
| 11 | വിദ്യാഭ്യാസ ജില്ല | Chavakkad |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1928 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Guruvayoor |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Thrissur |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | |
| 17 | താലൂക്ക് | Chavakkad |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Chavakkad |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ്, ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം)

2025-2026

| ആറാം പ്രവൃത്തിദിനം 10 ജൂൺ 2025 | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | | | |
| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ഇ .സി | | | [illegible] | | | എ.പി.എൽ | | | ബി.പി.എൽ | | |
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 2 | 13 | 21 | 34 | 1 | 4 | 5 | 0 | 0 | 0 | 5 | 13 | 18 | 3 | 1 | 4 | 4 | 2 | 6 | 0 | 1 | 1 | 3 | 12 | 15 | 10 | 9 | 19 |
| 2 | 2 | 21 | 11 | 32 | 5 | 2 | 7 | 0 | 0 | 0 | 10 | 4 | 14 | 3 | 1 | 4 | 3 | 4 | 7 | 0 | 0 | 0 | 10 | 2 | 12 | 11 | 9 | 20 |
| 3 | 1 | 9 | 11 | 20 | 2 | 7 | 9 | 0 | 0 | 0 | 5 | 2 | 7 | 1 | 1 | 2 | 1 | 1 | 2 | 0 | 0 | 0 | 3 | 3 | 6 | 6 | 8 | 14 |
| 4 | 1 | 7 | 9 | 16 | 0 | 1 | 1 | 0 | 0 | 0 | 2 | 4 | 6 | 2 | 1 | 3 | 3 | 3 | 6 | 0 | 0 | 0 | 5 | 6 | 11 | 2 | 3 | 5 |
| ആകെ | | 50 | 52 | 102 | 8 | 14 | 22 | 0 | 0 | 0 | 22 | 23 | 45 | 9 | 4 | 13 | 11 | 10 | 21 | 0 | 1 | 1 | 21 | 23 | 44 | 29 | 29 | 58 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 5 | 8 | 13 | 8 | 13 | 21 | 0 | 0 | 0 | 0 | 0 | 0 | 13 | 21 | 34 |
| 2 | 11 | 6 | 17 | 10 | 5 | 15 | 0 | 0 | 0 | 0 | 0 | 0 | 21 | 11 | 32 |
| 3 | 9 | 11 | 20 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 9 | 11 | 20 |
| 4 | 7 | 9 | 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 7 | 9 | 16 |
| ആകെ | 32 | 34 | 66 | 18 | 18 | 36 | 0 | 0 | 0 | 0 | 0 | 0 | 50 | 52 | 102 |

| ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം |
|---|

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി. ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 13 | 21 | 34 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2 | 21 | 11 | 32 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | 9 | 11 | 20 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | 7 | 9 | 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 50 | 52 | 102 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

| ADDITIONAL വിഷയങ്ങൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| STANDARD | ARABI | | | URDU | | | KONKINI | | |
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 9 | 18 | 27 | 0 | 0 | 0 | 0 | 0 | 0 |
| 2 | 20 | 10 | 30 | 0 | 0 | 0 | 0 | 0 | 0 |
| 3 | 9 | 10 | 19 | 0 | 0 | 0 | 0 | 0 | 0 |
| 4 | 3 | 4 | 7 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | 41 | 42 | 83 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം : Thaikkad
തീയതി : 10/6/2025 .

JELLY ROSE P.I
PEN No: 873491
HEADMISTRESS
ST. JOHN'S L.P.S
THAIKKAD

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on June 10, 2025, 4:15 pm

തൊണ്ണൂറ് കഴിഞ്ഞ പകിട്ടോടെ ശിരസ്സുയർത്തി നിൽക്കുന്ന ഈ വിദ്യാലയത്തിന് സന്തോഷത്തിന്റെ സൗഹാർദ്ദത്തിന്റെ കഥകൾ ഒരുപാട് പറയാനുണ്ട്. ചിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ വളരെയധികം ചാരിതാർത്ഥ്യമുണ്ട്

പഴമയുടെ പൈതൃകവും പാരമ്പര്യവും ഉൾക്കൊണ്ടുകൊണ്ട് വിദ്യാഭ്യാസത്തിന്റെ നൂതന പ്രവർത്തനങ്ങളുമായി ഇന്നും ഈ വിദ്യാലയം മുന്നോട്ടു പോകുന്നു. ഈ പ്രദേശത്തെ ഏകവും ആദ്യത്തെ വിദ്യാക്ഷേത്രം എന്ന ബഹുമതിയും സെന്റ് ജോൺസ് വിദ്യാലയത്തിന് സ്വന്തം

1986 നവംബർ 1-ാം തിയതി വരെ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന തെക്കൻ മലബാറിന്റെ പൊന്നാനി താലൂക്കിൽ പെട്ട ഏതാനും ഭാഗങ്ങളാണ് ഇന്ന് തെക്കാട് പഞ്ചായത്തിൽപെടുന്നത് 1928 ൽ പി.സി. ഇട്ടൂപ്പ് അവർകളാണ് ഈ വിദ്യാക്ഷേത്രത്തിന് നാന്ദി കുറിച്ചത്

23. വർഷക്കാലം ഹയർ എലിമെന്ററി വിദ്യാലയമായി പ്രവർത്തിച്ചു വരുന്നു. നാലാം വാർഡിൽ സ്ഥിതിചെയ്തിരുന്ന വിദ്യാലയം പിൽക്കാലത്ത് 25-ാം വാർഡായി മാറുകയുമുണ്ടായി.

വിദ്യാഭ്യാസ ചരിത്രത്തെപ്പറ്റി പറയുമ്പോൾ കാര്യമായ ചലനങ്ങൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല മാറ്റങ്ങൾ അനിവാര്യമാണ്. ഇതിന്റെ ആവശ്യമാണ് എന്നു മനസ്സിലാക്കി പി. ജെ. ഇട്ടൂപ്പ് അവർകൾ ഏറെ ബുദ്ധിമുട്ടുകൾ തരണം ചെയ്തുകൊണ്ടാണ് ഈ ഗ്രാമത്തിൽ ഒരു വിദ്യാലയം സ്ഥാപിച്ചെടുത്തത്. വിദ്യാലയത്തിന്റെ സ്ഥാപനത്തോടുകൂടി മാതാപിതാക്കളോടൊപ്പം കൃഷിയിലേർപ്പെട്ടിരുന്ന കുട്ടികൾ പഠിക്കാനുള്ള അവസരത്തോടുകൂടി വിദ്യാലയ അങ്കണത്തിൽ പ്രവേശിച്ചു. പണ്ടത്തെ പാരമ്പര്യം പിൻതുടർന്ന് ഇന്നും ഈ വിദ്യാലയം നിലനിൽക്കുന്നു. ഭൗതികസാഹചര്യം നോക്കുമ്പോൾ ഇനിയും വിദ്യാലയത്തിന് പുരോഗതി കൈവരിക്കേണ്ടതായിട്ടുണ്ട്.

## പൊതുലക്ഷ്യങ്ങൾ

* ഗുണമേന്മയുള്ള അടിസ്ഥാനപരമായ വിദ്യാഭ്യാസം നൽകൽ.

ശിശുകേന്ദ്രീകൃതമായി പ്രൈമറി പ്രീ-
പൂർണ്ണമായും അവർ ആ-
പ്രൈമറി സ്കൂളിലെ വിദ്യാർത്ഥികൾക്ക്
ർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാര-
ത്തിലുള്ള ധാരണകളും നൈപുണികളും കഴി-
വിനനുസരിച്ച് നേടുന്നത് ഉറപ്പുവരുത്തൽ

* കുട്ടികളുടെ ബുദ്ധിപരമായ വളർച്ചയ്ക്ക് ആവശ്യമായ പോഷകാഹാര പദ്ധതികൾ നടപ്പിലാക്കൽ

* പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കൽ.

* അക്കാദമിക നിലവാരം ഉയർത്തുന്നതിന് ഐ.ടി അധിഷ്ഠിത സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിക്കൽ

* അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ സംഘടിപ്പിക്കൽ

ഭാഷാപരമായ പിന്നോക്കാവസ്ഥ.
പരിഹരിക്കൽ.

വായിച്ചുവളരുക ചിന്തിച്ച് നേടുക എന്ന മഹത് വചനത്തിനുവേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഞങ്ങളുടെ വിദ്യാലയം നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിനു നേടാനായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കാനും വേണ്ടി ഞങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | പ്രക്രിയ |
| --- | --- |
| 1. മലയാളത്തിളക്കം. | • പ്രിന്റഡ് അക്ഷര ഉറപ്പിക്കൽ.<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമിക്കൽ<br>• വാക്യങ്ങൾ നിർമിക്കൽ<br>• ചിത്രം - കഥപറയൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• കഥ - ബോർഡിൽ എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് |
| 2. കുട്ടികളെ മികച്ച വായനക്കാരനാക്കുക. | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>• വായനമൂല ക്ലാസ്‌റൂം |

| പ്രവർത്തനങ്ങൾ | പ്രക്രിയ |
| --- | --- |
| 1. മലയാളത്തിളക്കം. | • പ്രീടെസ്റ്റ് അക്ഷര ഉറപ്പിക്കൽ.<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ ചേർക്കൽ<br>• ചിത്രം - കഥപറയൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• കഥ - ചോദിച്ചെഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>• വായനാമൂല ക്ലാസിലും |

- വായനമൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ.
- വായനോത്സവം സംഘടിപ്പിക്കൽ
- ദിനാചരണങ്ങൾ
- ബാലസഭ.
- മാഗസിൻ തയ്യാറാക്കൽ.
- അമ്മവായന.
- പത്രവായന.
- വായനാക്കുറിപ്പ്.

3 കുട്ടിയെ മികച്ച എഴുത്തുകാരനാക്കു

- വായനാക്കുറിപ്പ് പതിപ്പ്.
- ഇലന്റ് മാഗസിൻ
- ചുമർപത്രിക.
- ആസ്വാദനക്കുറിപ്പ്
- ക്ലാസ് ലൈബ്രറി

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് കുട്ടികളിൽ വായനയും എഴുത്തും പരിപോഷിപ്പിക്കുവാൻ ഒരു പരിധിവരെ സാധിച്ചു.

# പാഠ്യേതര പ്രവർത്തനങ്ങൾ

ഞങ്ങളുടെ സ്കൂളിനെ സംബന്ധിച്ചിടത്തോളം പാഠ്യപ്രവർത്തനത്തോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങൾക്കും മുൻതൂക്കം കൊടുക്കാറുണ്ട്. അതിനായി അവധിക്കാലത്ത് ടീച്ചേഴ്സ് സ്കൂളിൽ വരികയും താല്പര്യമുള്ള കുട്ടികൾക്ക് സ്കൂളിൽവെച്ച് വിവിധ പ്രവർത്തനങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു ഇത് കുട്ടികൾക്ക് തൊഴിൽ ചെയ്യാനുള്ള കഴിവും പ്രോത്സാഹനവും നൽകുന്നു. എല്ലാവർഷവും ഞങ്ങളുടെ വിദ്യാർത്ഥികൾക്ക് പ്രവൃത്തിപരിചയമേളയിൽ മികച്ച നേട്ടങ്ങൾ കിട്ടാറുണ്ട്.

ഏതു പാഠ്യേതരപ്രവർത്തനങ്ങളായാലും അതിനുവേണ്ട പ്രത്യേക പരിശീലനവും പ്രോത്സാഹനവും നൽകാൻ ഈ വിദ്യാലയം കാണിക്കുന്ന സന്മനസ്സ് എടുത്തു പറയേണ്ടതാണ്. വെക്കേഷൻ മുതൽ തുടങ്ങുന്ന ഡാൻസ്, പാട്ട് പരിശീലനങ്ങൾ. കഥ, കവിത, ആംഗ്യപ്പാട്ട്, കടങ്കഥ തുടങ്ങിയവയിലുള്ള പരിശീലനങ്ങൾ എന്നിവയെ കലയോടൊപ്പം തന്നെ കായികപ്രവർത്തന പരിശീലനവും ഇവിടെ നടത്തുന്നു.

കാലത്ത് നടത്തുന്ന എക്സർസൈസ് ഓട്ടം, ചാട്ടം, തുടങ്ങിയവ കുട്ടികളിൽ ശാരീരികവും മാനസികവുമായ ഉണർവിനും ആരോഗ്യത്തിനും കാരണമാകുന്നു.

ഇതിന്റെയെല്ലാം ഒരു വർഷത്തെ സമാപനത്തോടൊപ്പം ചെറുതും വലുതുമായ കലാകായിക മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

എല്ലാദിവസവും അസംബ്ലിയിൽ പത്രവാർത്ത വായിക്കുകയും അതിൽനിന്നും വരാവുന്ന ചോദ്യങ്ങൾ ന്യൂസ് ബോർഡിൽ എഴുതുകയും, മാസാവസാനം ക്വിസ് മത്സരം നടത്തി സമ്മാനം നൽകി വരികയും ചെയ്യാറുണ്ട്.

ഇംഗ്ലീഷിൽ കുട്ടികളുടെ കഴിവു വർദ്ധിപ്പിക്കാൻ എല്ലാദിവസവും ഇംഗ്ലീഷ് സ്റ്റോറി റീഡിംഗ് നടത്തുകയും അതിൽനിന്ന് ചോദ്യങ്ങൾ ചോദിച്ച് മാസാവസാനം സമ്മാനം നൽകുന്ന പതിവുമുണ്ട്. വർഷാവസാനമായപ്പോഴേക്കും കുട്ടികൾ പരസ്പരം ഇംഗ്ലീഷിൽ ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങി. ഇതും എടുത്തു പറയേണ്ട നേട്ടങ്ങളിൽ ഒന്നാണ്.

എല്ലാമാസവും നടത്തുന്ന ബാലസഭ, ഇൻലന്റ് മാഗസിൻ തുടങ്ങിയവ ഞങ്ങളുടെ വിദ്യാലയത്തി

ന്റെ മികവിന്റെ മറ്റൊരു മേഖല തന്നെയാണ്. ബാല സഭകളിൽ കുട്ടികൾ വിവിധതരത്തിലുള്ള പരിപാടികൾ അവതരിപ്പിക്കുകയും സഭാകമ്പമില്ലാതെ പങ്കെടുക്കാനുള്ള കഴിവ് നേടുകയും ചെയ്യുന്നു. കുട്ടികൾ തന്നെ നയിക്കുന്ന ബാലസഭ വളരെ ഉന്മേഷം നിറഞ്ഞതാണ്. ഇതിന്റെ ക്രോഡീകരണമായി കൊല്ലാവസാനം നടത്തുന്ന വാർഷികാഘോഷം ഈ സ്കൂളിന്റെ മാത്രമല്ല തൈക്കാട് ദേശത്തിന്റെ തന്നെ ഉത്സവമാണ്.

അതുപോലെതന്നെ ഞങ്ങളുടെ വിദ്യാലയത്തിൽ നടക്കുന്ന ഏറെ പ്രാധാന്യമുള്ള ഒരു പ്രവർത്തനമാണ് ബുൾബുൾ. ബുൾബുളിന്റെ അധ്യാപികയുടെ നിർദ്ദേശാനുസരണം വിദ്യാർഥികൾ ഒത്തൊരുമിച്ച് പ്രവർത്തനങ്ങളിലേർപ്പെടുന്നു.

ഇങ്ങനെ .... ഇങ്ങനെ സ്കൂളിലെ കുട്ടികളുടെയും അധ്യാപികമാരുടെയും രക്ഷിതാക്കളുടെയും കൂട്ടായ ശ്രമം വഴി പാഠ്യേതരപ്രവർത്തനങ്ങളുടെ ഓരോ ചുവടും ശ്രദ്ധാപൂർവ്വം ഞങ്ങൾ നടത്തുന്നു. കലോത്സവ വേദികളിൽ തിളങ്ങിക്കൊണ്ട് ഞങ്ങളുടെ കുട്ടികൾ അഗ്രഗാമ്

ഒന്നാം സ്ഥാനം നേടാറുണ്ട് എന്നതും ഏറെ അഭിമാനകരമാണ്.

പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ വിദ്യാലയം എന്നും മുന്നിൽതന്നെയാണ് എന്ന് നിസ്സംശയം പറയാൻ സാധിക്കും.

ബോധനരീതി മൂല്യനിർണയ പിന്തുണ പ്രവർത്തനങ്ങൾ

---

കുട്ടികൾക്ക് അറിയാവുന്ന കാര്യങ്ങളിൽ, അതിനോടു ചേർന്ന ഒരു ബോധനരീതിയാണ് അധ്യാപകർ സ്വീകരിക്കേണ്ടത്. അത് കുട്ടികളുടെ അറിവിനെ ശക്തിപ്പെടുത്തും. സ്കൂളിൽ പഠിക്കുന്നതിനെ പുറത്തു നടക്കുന്ന കാര്യങ്ങളുമായി ബന്ധിപ്പിക്കുവാൻ വേണ്ട ചോദ്യങ്ങൾ ചോദിക്കുവാൻ കുട്ടികളെ അനുവദിക്കുക, കാണാപാഠം പഠിച്ച് ഒരൊറ്റ ശരിയുത്തരം നൽകുന്നതിന് പകരം സ്വന്തം അനുഭവങ്ങളിൽ നിന്നും സ്വന്തം വാക്കുകളിൽ ഉത്തരം പറയാൻ പ്രോത്സാഹിപ്പിക്കുക, ഇതെല്ലാം കുട്ടികളെ സഹായിക്കുന്ന ബോധനരീതികളാണ്. ബുദ്ധിപരമായ ഊഹിക്കലും നല്ല രീതിയിലുള്ള ഒരു ബോധന രീതിയാണ്. കുട്ടികൾ തങ്ങളുടെ ദൈനംദിന ജീവിതാനുഭവങ്ങളിൽ നിന്നും, മാധ്യമ സമ്പർക്കത്തിൽനിന്നും അവരുടെ മനസ്സിൽ രൂപം കൊണ്ട ആശയങ്ങളെ അധ്യാപകരുടെ സഹായത്താൽ പുതിയ അറിവ് സൃഷ്ടിക്കുകയാണ് വേണ്ടത്. കുട്ടികളുടെ കഴിവിനെക്കുറിച്ചും

അധ്യാപിക ബോധവതിയായിരിക്കണം. എങ്കിൽ മാത്രമേ കുട്ടികളെ ഉയർത്താൻ ത്രൈവിധത്തിലുള്ള പ്രവർത്തനങ്ങൾ നൽകാനും ചോദ്യങ്ങൾ ചോദിക്കാനും അധ്യാപകർക്ക് കഴിയുകയുള്ളൂ. കുട്ടിക്ക് ചോദ്യങ്ങൾ ചോദിക്കാനും, അന്വേഷിക്കാനും, തർക്കിക്കുവാനും, ചിന്തിക്കുവാനും നിഗമനത്തിൽ എത്തിച്ചേരാനും, പുതിയ ആശയങ്ങൾ ഉണ്ടാക്കാനുള്ള ഒരു വേദി സ്കൂളിൽ നിന്ന് ലഭിക്കണം. ലോകത്തെ പുതിയരീതിയിൽ നോക്കിക്കാണാനും മനസ്സിലാക്കാനും ഇടപെടാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയാന്തരീക്ഷത്തിൽ നിന്ന് കുട്ടിക്ക് ലഭിക്കേണ്ടത്.

കുട്ടിയുടെ മുൻ അനുഭവങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ബോധനരീതിയാണ് സ്വീകരിക്കേണ്ടത്. ആവശ്യത്തിനുവേണ്ട പഠനാനുഭവങ്ങൾ കുട്ടിക്ക് ലഭിക്കണം. എങ്കിലേ പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. ഓരോ കുട്ടിയുടെയും സമഗ്രവികസനം ലക്ഷ്യം വെച്ചായിരിക്കണം ബോധനം നടത്തേണ്ടത്. ബോധന മാധ്യമം മാതൃഭാഷയാണ് ഏറ്റവും ഉചിതം.

കുട്ടിയുടെ കലാപരമായ കഴിവും ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. കലയെ ഉൾപ്പെടുത്തി മറ്റു വിഷയങ്ങളിലൂടെ പഠനം ഫലപ്രദമാക്കാം. പ്രവൃത്തി പരിചയ ബോധനവും കുട്ടികൾക്ക് ഗുണം നൽകുന്നു. സാമൂഹികബോധമുള്ള ഒരു തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ആരോഗ്യ - കായിക വിദ്യാഭ്യാസത്തിലൂടെയും മറ്റു വിഷയങ്ങളുടെ പഠനം നേടിയെടുക്കാം. ശബ്ദം കൊണ്ടും കയ്യുകൊണ്ടും

കാര്യങ്ങൾ കൂടുതൽ അനുഭവമാക്കാൻ ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തണം. നല്ല മൂല്യങ്ങൾ മനോഭാവങ്ങൾ എന്നിവ വളർത്തുന്നതിനു പറ്റിയ കഥകൾ, ജീവചരിത്രങ്ങൾ എന്നിവ കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം. സ്കൂൾ ലൈബ്രറി ഒരു പരിധിവരെ ഇതിനു സഹായിക്കുന്നു. വായനാമൂലകളിൽനിന്ന് കുട്ടികൾ അറിവ് നേടട്ടെ. പ്രകൃതിയെയും പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തെ കുറിച്ചും ഒരു അവബോധം ഉണ്ടായിരിക്കണം. പരിസരശുചിത്വം അവരുടെ കടമയാണെന്ന് അവർക്കറിയണം.

കുട്ടിക്ക് സ്നേഹം, പരിഗണന, അംഗീകാരം, സുരക്ഷിതത്വബോധം എന്നിവ നൽകി ഒരു സഹരക്ഷിതാവായും പഠനേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള ഒരു സഹായിയായും അധ്യാപകർ മാറണം. അങ്ങനെയുള്ള ഒരു ബോധനരീതിയിലൂടെയാണ് അധ്യാപകർ കുട്ടിയെ നയിക്കേണ്ടത്.

ക്ലാസ്മുറിയിൽ എല്ലാകുട്ടികളെയും ഉൾക്കൊള്ളുന്ന, ആരെയും പുറന്തള്ളാത്ത ഒരു പഠനാന്തരീക്ഷം സ്വീകരിക്കണം. പഠനത്തിന് പ്രയാസം അനുഭവപ്പെടുന്ന കുട്ടികൾക്ക് പ്രത്യേകം പഠനാവശ്യങ്ങളുണ്ട്. അവർക്കു വേണ്ട പഠന ശൈലി അധ്യാപകർ കണ്ടെത്തണം. റിസോഴ്സ് അധ്യാപകരുടെ സഹായം നേടണം.

പഠനപ്രവർത്തനങ്ങളോടൊപ്പം തന്നെ നിരന്തര മൂല്യനിർണയവും നടത്തേണ്ടതാണ്. കുട്ടി നേടേണ്ട ശേഷികളെയും ധാരണകളെയും സംബന്ധിച്ച് അധ്യാപകന് വ്യക്തമായ അവബോധം ഉണ്ടായിരിക്കണം. ഒരു യൂണിറ്റിന്റെ വിനിമയത്തിനുശേഷം പഠനത്തെ വിലയിരുത്തേണ്ടതുണ്ട്. ഗ്രേഡിംഗ് രീതിയിലാണ് വിലയിരുത്തൽ നടത്തുന്നത്. വിലയിരുത്തൽ നടത്തുമ്പോൾ ഓരോ സൂചകങ്ങളും അടിസ്ഥാനമാക്കി വേണം വിലയിരുത്തൽ നടത്താൻ. കുട്ടിയുടെ നോട്ട്ബുക്ക്, പോർട്ട്ഫോളിയോ, മറ്റു രചനകൾ, സർഗാത്മക സൃഷ്ടികൾ, വർക്ക്ഷീറ്റുകൾ പഠനോപകരണ നിർമാണം എന്നിവയെയും മൂല്യനിർണയത്തിനു വിധേയമാക്കാം. ഓരോ ടേമിലും ഇത് പോലെത്തന്നെ മൂല്യനിർണയം നടത്താവുന്നതാണ്. മൂല്യനിർണയത്തെ അടിസ്ഥാനമാക്കി മികച്ച പങ്കാളിത്തമുള്ളവർ, ശരാശരി പങ്കാളിത്തമുള്ളവർ, ഇനിയും മെച്ചപ്പെടുത്തേണ്ടവർ എന്നിങ്ങനെ സൂചിപ്പിക്കുന്ന തരത്തിലുള്ള കുട്ടികളെ കണ്ടെത്താൻ അധ്യാപകർക്കു കഴിയണം. ഓരോ തരക്കാർക്കും പറ്റിയ പുതിയ പ്രവർത്തനങ്ങൾ അധ്യാപകർ കണ്ടെത്തണം.

മികവ് കാണിക്കാൻ പറ്റാത്ത കുട്ടികൾക്ക് അധ്യാപകർ ഒരു കൈത്താങ്ങായി മാറണം. എല്ലാ കുട്ടികളെയും മുൻനിരയിലെത്തിക്കാൻ അധ്യാപകന് കഴിയാവുന്നത് ചെയ്യണം. ഗൃഹ സന്ദർശനം, രക്ഷിതാക്കളുമായുള്ള ആശയ വിനിമയം, കുട്ടിയെ നിരന്തരമായി നിരീക്ഷിക്കൽ എന്നിവയെല്ലാം ഒരു തരത്തിൽ മൂല്യനിർണയമാണ്.

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഒരു പിന്തുണ, ഉപദേശം, മെച്ചപ്പെടുത്തലിനുള്ള അവസരം, വഴികാട്ടൽ എന്നിവ മൂല്യനിർണയത്തിലൂടെ ലഭിക്കുന്നു. കുട്ടിയുടെ വൈജ്ഞാനികവും സാമൂഹികവും, കലാപരവും, ആരോഗ്യപരവും, പ്രവൃത്തിപരവുമായ എല്ലാ കഴിവുകളും മൂല്യനിർണയത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് അധ്യാപകർ പുതിയ പഠനപ്രക്രിയ ആസൂത്രണം ചെയ്യുകയും അവരെ മുൻനിരയിലെത്തിക്കുകയും വേണം. മികച്ച കുട്ടികളെ കണ്ടെത്താനും അവർക്ക് പ്രോത്സാഹനം നൽകി ഉയരങ്ങളിൽ എത്തിക്കാനും സാധിക്കണം.

കലാപരമായും പ്രവൃത്തിപരിചയത്തിലും ആ
രോഗ്യ-കായിക മത്സരത്തിലും മികവുള്ളവരെ കണ്ടെ
ത്തി പ്രോത്സാഹനം നൽകി അവരെ സഹായിക്കണം

അങ്ങനെ നല്ല ബോധനരീതികളും നിര
ന്തരമായ മൂല്യനിർണയവും, പിന്തുണ പ്രവർത്തന
ങ്ങളും വഴി വിദ്യാലയങ്ങളിൽ നിന്ന് ബഹുമുഖ
പ്രതിഭകളെ സൃഷ്ടിച്ചെടുക്കാൻ അധ്യാപകൻ കാ
രണമാകട്ടെ.

# കൈവരിച്ച നേട്ടം

സെന്റ് ജോൺസ് എൽ.പി സ്കൂൾ ശതാബ്ദിയിലേയ്ക്ക് നീങ്ങി കൊണ്ടിരിക്കുകയാണ്. കോടാനുകോടി അറിവിന്റെ വെളിച്ചം പകർന്ന ഈ സ്കൂൾ കുട്ടികളുടെ മാനസികവും ആത്മീകവും വിദ്യാഭ്യാസപരവുമായ എല്ലാ തലത്തിലും ശോഭിച്ചു പോകുന്നു.

എല്ലാ മാസവും നടത്തുന്ന ബാല സഭ ഈ ലക്ഷ്യം ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. കഥ, കവിത, പാട്ട്, നൃത്തം, നാടകം, മോണോ ആക്ട്, കോമഡി ഷോ, ഇംഗ്ലീഷ് റൈമുകൾ, ഇംഗ്ലീഷ് സ്റ്റോറി ടെല്ലിംഗ്, എല്ലാം കുട്ടികൾ അവതരിപ്പിക്കുന്നു.

ബാല സഭയിൽ ഇല്ലന്റ് മാഗസിൻ പ്രകാശനം ചെയ്യുന്നു. കുട്ടികളുടെ സൃഷ്ടികളാണ് ഇതിലുൾപ്പെടുന്നത്. നല്ല സൃഷ്ടികൾ കാഴ്ച വെച്ച കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. ഓരോ മാസത്തിലും എഴുതുന്ന നല്ല സൃഷ്ടികൾ വാർഷിക മാഗസിനിലേക്ക് ഉൾപ്പെടുത്തി വാർഷിക

ആനിവേഴ്സറിയിൽ പ്രകാശനം ചെയ്യുന്നു.
പത്രവായന, ദിവസേന
അസംബ്ലിയിൽ വായിക്കുകയും news
ബോർഡിൽ അത് എടുക്കുകയും അതിൽ
നിന്നുള്ള ചോദ്യങ്ങൾ കുട്ടികൾ എഴുതി
എടുക്കുകയും ചെയ്യുന്നു. ഓരോ മാസവും
കഴിയുമ്പോൾ പത്ര ക്വിസ് നടത്തുകയും
സമ്മാനർഹരായ കുട്ടികൾക്ക് സമ്മാനം
കൊടുക്കുകയും ചെയ്തു വരുന്നു.

പത്ര പ്രവർത്തനം വളരെ സജീവ
മായി നടത്തി വരുന്നു. ഓരോ കുട്ടികളുടെ
വീട്ടിൽ നിന്നും മാത്രമല്ല. അയൽ പക്കത്തു
നിന്നും നാട്ടിൽ നിന്നും പത്രം ശേഖരിക്കുന്നു.

ലൈബ്രറി ബുക്ക് എല്ലാ മാസവും
കുട്ടികൾക്കും അമ്മമാർക്കും വായിക്കാൻ
കൊടുക്കുകയും അത് തിരിച്ച് വാങ്ങി
പുസ്തകങ്ങൾ മാറി മാറി കൊടുക്കുന്നു.
പ്രവൃത്തി പരിചയ കുട്ടികളെ ഒരുക്കി
മത്സരത്തിന് തയ്യാറാക്കുന്നു.

ചവിട്ടി, ബുക്ക് ബൈന്റിംഗ്,
തടുക്ക്, കൊട്ട, ഫാബ്രിക് പെയിന്റിംഗ്
തുന്നൽ, ആശാരിപ്പണി പൂവ് നിർമ്മാണം,
ചന്ദനത്തിരി തുടങ്ങി കുട്ടികളെ സ്വയം

പര്യാപ്തത നേടാൻ സാധിക്കുന്നു.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. ഒഴിവു സമയങ്ങളിൽ എല്ലാ അധ്യാപകരും ഈ ലക്ഷ്യത്തിനായി കൂട്ടായി പ്രയത്നിക്കുന്നു.

കായിക കലാമേഖലകളിലും അറബിക് കലോത്സവത്തിലും എല്ലാ വർഷത്തെയും പോലെത്തന്നെ ഈ വർഷവും ഒന്നാം നിരയിൽ എത്തുന്നു ഈ കലാലയത്തിലെ കുട്ടികൾ.

# സ്കൂളിന്റെ ഭൗതിക സാഹചര്യം

ഞങ്ങളുടെ സ്കൂളിൽ ഭൗതിക സാഹചര്യം വളരെ കുറവാണ്. Pre KER നുള അനുസരിച്ച് പണിത സ്ഥാപനമായതിനാൽ വേണ്ടത്ര സൗകര്യങ്ങളോടുകൂടി പഠിക്കാൻ കുട്ടികൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. സ്കൂളിന്റെ മേൽക്കൂര ആസ്ബസ്റ്റോസ് ഷീറ്റാണ്. വേനൽക്കാലമായാൽ കുട്ടികൾക്ക് ചൂട് കാരണം ഇരിക്കാൻ വളരെയധികം വിഷമം അനുഭവപ്പെടുന്നു. സ്കൂളിന്റെ തറ മണ്ണിൽ ഇഷ്ടിക പതിച്ചതാണ്. ഞങ്ങളുടെ പാചകപ്പുര കഴിഞ്ഞ വർഷം പുതുക്കിപ്പണിതു.

ഭൗതിക സാഹചര്യങ്ങൾ ഒന്നുകൂടി മെച്ചപ്പെടുകയാണെങ്കിൽ ഇനിയും ധാരാളം കുട്ടികൾ ഞങ്ങളുടെ ഈ കൊച്ചു വിദ്യാലയത്തിലേക്ക് ഒഴുകിയെത്തും എന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു വിധ സംശയവുമില്ല.

ഇവിടെ നിന്നും പഠിച്ചു പോയ പൂർവ്വ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും മാനേജ്മെന്റിന്റെയും

സഹായത്താൽ ഞങ്ങളുടെ സ്കൂളിന്റെ ഭൗതിക സാഹചര്യത്തിലുള്ള എല്ലാ കുറവുകളും നികത്താൻ കഴിയും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

## ഭൗതിക പോരായ്മകൾ

വിദ്യാലയം ചെറിയ ഒരു സ്ഥലത്ത് ഒതുങ്ങുന്നതു കൊണ്ട് കുട്ടികൾക്ക് വേണ്ട രീതിയിൽ കളിക്കാനോ മറ്റ് കളിക്കാനും ഒരുക്കാനോ സാധിക്കുന്നില്ല. മറ്റ് വിദ്യാലയങ്ങളെ അപേക്ഷിച്ച് ആവശ്യമായ ബസ്സുകളോ മറ്റ് സൗകര്യങ്ങളോ ഇല്ല. അത്കൊണ്ടു തന്നെ രക്ഷിതാക്കൾക്ക് കുട്ടികളെ പറഞ്ഞു വിടാൻ ചെറിയ താൽപര്യ കുറവ് ഉണ്ട്. മറ്റ് കാര്യങ്ങളിലെല്ലാം മുൻപന്തിയിൽ നിൽക്കുന്നതുകൊണ്ട് ഒരു പരിധി വരെ അത് നികത്താൻ സാധിക്കുന്നു എന്നുമാത്രം. ഒ പഠനോപകരണങ്ങൾ ഓരോ വർഷവും വരുന്നുണ്ടെങ്കിലും അത് സൂക്ഷിച്ച് വച്ച് വേണ്ട സമയത്ത് ഉപയോഗിക്കാൻ പലപ്പോഴും സാധിക്കാതെ വരുന്നു. പലതും അറിയപ്പെടാതെ പോകുന്ന സാഹചര്യങ്ങളും വരുന്നു.

കമ്പ്യൂട്ടർ പഠനം വളരെ കാര്യക്ഷമമായി നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടും അതിന് സാധിക്കാതെ വരുന്നു.

സ്ഥലപരിമിതി ഒരു പ്രധാന ഘടകം ആണ് Pre KER Building ആയതുകൊണ്ടുതന്നെ ബുദ്ധിമുട്ട് ഉണ്ട്.

പഴയകാലത്തെപ്പോലെയല്ലാതെ ഇന്ന് കുട്ടികൾക്ക് വിദ്യാലയത്തിലെത്താൻ വാഹന സൗകര്യം നൽകുന്നുണ്ട്.

കുട്ടികളുടെ വേണ്ട രീതിയിൽ രക്ഷിതാക്കൾ ശ്രദ്ധിക്കുന്നില്ല. പഠന കാര്യങ്ങളിലും പാഠ്യേതര കാര്യങ്ങളിലും കുട്ടികളോടൊപ്പം നിന്ന് സഹായിക്കാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല.

# സ്കൂളിന്റെ ഭൗതിക സാഹചര്യം

ഞങ്ങളുടെ സ്കൂളിൽ കുട്ടികളുടെ എണ്ണം കൂടുതലും ആ എണ്ണത്തിനനുസരിച്ച് ഉള്ള ഭൗതിക സാഹചര്യം പരിമിതമാണ്. PMU KER റൂൾ അനുസരിച്ച് ഉണ്ടിത സ്ഥാപനമായതിനാൽ വേണ്ടത്ര സൗകര്യത്തോടുകൂടി പഠിക്കാൻ കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നിരുന്നാലും ഞങ്ങളുടെ സ്കൂളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപ്പുരയും. കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് പുതിയ സൗകര്യങ്ങളോടുകൂടിയ bathroom നിലവിൽ വന്നു.

അതുപോലെ pmuk.g കുട്ടികൾക്കായി പുതിയ building ൽ ചുമർ ചിത്രങ്ങൾ വരച്ച് മനോഹരമാക്കിയ ക്ലാസ്സ്മുറികൾ ആയിരുന്നു.

ഒന്ന് തൊട്ട് നാല് വരെയുള്ള class മുറികൾ
ഷീറ്റ് ഇട്ടതായിരുന്നു ഞങ്ങൾക്ക് ഫെബ്രു
വരി മാർച്ച് മാസങ്ങളിൽ ചൂട് കൂടുതലായിരുന്നു
എന്നാൽ ജിപ്സം ബോർഡ് ഉപയോഗിച്ചു
ള്ള സീലിംഗ് കുട്ടികൾക്ക് ചൂട് കുറവായി
അനുഭവപ്പെട്ടു. സ്കൂളിന്റെ തറ ഇഷ്ടിക
പാകിയതായിരുന്നു എന്നാൽ Tile ഇട്ട്
മനോഹരമാക്കി.

ഞങ്ങളുടെ class മുറികൾ
തട്ടിക വച്ച് മറച്ചതായിരുന്നു. എന്നാൽ
കാർഡ്ബോർഡ് വാതിലുകൾ ആക്കി
മാറ്റി. Schoolലെ മഴക്കാലത്തെ വെള്ളം
ശേഖരിച്ച് മഴവെള്ള സംഭരണികളാക്കി.
അടുക്കളയിലെ മാലിന്യം ശേഖരിച്ച്
അതു ഉപയോഗിച്ച് ബയോഗ്യാസ് plant
നിർമ്മിച്ചു അടുക്കളയിൽ ബയോഗ്യാസ്
പാചകത്തിന് ഉപയോഗിച്ചു തുടങ്ങി.
Schoolലെ ചുറ്റും boundary കമ്പി ഉപ
യോഗിച്ച് നിർമ്മിച്ചിട്ട് വളരെ നന്നായിരുന്നു